ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ലാസ്കർ/ക്ലീനർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ ഡ്യൂട്ടി

348 (1014) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലും മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ലാസ്കർ/ക്ലീനർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ ഡ്യൂട്ടി എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകളിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ലാസ്കർ/ക്ലീനർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഡ്യൂട്ടി വിശദമാക്കുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

വിനോദസഞ്ചാര വികസനം

349 (1015) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാരത്തിന്റെ വികസനത്തിനായി എവിടെയൊക്കെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഓരോ വർഷവും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) വിനോദസഞ്ചാര വികസനത്തിനായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly